**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 551** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>എടയൂർ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** കോട്ടക്കൽ നിയോജക മണ്ഡലത്തിലെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനും വ്യാവസായിക മുന്നേറ്റത്തിന് വഴിയൊരുക്കുന്നതിനും സഹായകരമാകുന്ന എടയൂർ 110 കെ.വി സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** കോട്ടക്കൽ മണ്ഡലത്തിൽ ആരംഭിക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ള എടയൂർ 110kV സബ്സ്റ്റേഷൻ നിർമ്മാണത്തിനായുള്ള സാങ്കേതിക സാധ്യത പഠനം നടത്തി അംഗീകാരം നൽകിയിട്ടുണ്ട്. സബ്സ്റ്റേഷൻ നിർമ്മാണത്തിനായുള്ള സ്ഥലം ലഭ്യമായിട്ടില്ല.

**(ബി)** പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; എടയൂർ 110 കെ.വി സബ്സ്റ്റേഷൻ വേഗത്തിൽ യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വികരിക്കുമോ?

**<u>മറുപടി:</u>** 110kV എടയൂർ സബ്സ്റ്റേഷനു വേണ്ടി മാവണ്ടിയൂർ പ്രദേശത്ത് ലഭ്യമാകുമെന്ന് കരുതിയ ഭൂമി തരം മാറ്റാൻ കഴിയാത്ത സാഹചര്യത്തിൽ പുതിയ സ്ഥലം ലഭിക്കാനായി ത്വരിതഗതിയിൽ അന്വേഷണം നടന്നു വരുന്നു. സബ്സ്റ്റേഷൻ വേഗത്തിൽ യാഥ്യാർത്ഥമാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**